വാർഷിക പൊതുയോഗത്തിൽ പാസ്സാക്കിയ പ്രമേയം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തെങ്കിലും തീരുമാനം ഗവണ്മെൻറ് എടുത്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

മരച്ചീനി സഹകരണ സംഘങ്ങൾ.

*273. [31] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറിന്റെ മരച്ചീനി പദ്ധതി അനുസരിച്ച് എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഈ സംഘങ്ങൾവഴിയായി എത്രമാത്രം കപ്പ കർഷകരിൽനിന്നും ഇതിനകം വിലയ്ക്കെടുത്തിട്ടുണ്ട് ;

(സി) വാങ്ങിയ കപ്പയിൽ വെള്ളക്കപ്പയെത്ര; വാട്ടുകപ്പയെത്ര?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) പുതിയതായി 194 മരച്ചീനി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു. നിലവിലിരുന്ന മൂന്നു സഹകരണസംഘങ്ങൾ മരച്ചീനി സംഘങ്ങളായി പരിവർത്തനം ചെയ്തതുൾപ്പടെ ഇപ്പോൾ 197 മരച്ചീനി സഹകരണ സംഘങ്ങൾ പ്രവർത്തനത്തിലുണ്ട്.

(ബി) ഈ സംഘങ്ങൾവഴിയായി 9794 ടൺ, 3 ഹ. 2 കാ. 27 പൗണ്ട് ഉന്നക്കിയ മരിച്ചീനി ഗവണ്മെൻറ് വിലയ്ക്കെടുത്തു.

(സി) വാങ്ങിയകപ്പയിൽ 9130 ടൺ 17 ഹ. 2 കാ. 22 പൗണ്ട് വാട്ടുകപ്പയും, 663 ടൺ 6 ഹ. 5 പൗണ്ട് വെള്ളക്കപ്പയുമാണ്.

Recommendations to the Planning Commission.

*274. [33] SHRI P. V. AVIRA THARAKAN: Will the Minister for Planning and Development be pleased to state:

(*a*) the recommendations made by the Government to the Planning Commission regarding the Industries;

(*b*) Out of the recommendations which are rejected;

(*c*) the number of employment Government expect in the next Five Year Plan ?

Chief Minister (SHRI PANAMPILLI GOVINDA MENON):

(*a*) † A list of industries which this Government have recommended to the Planning Commission for inclusion in the Second Five Year Plan is laid on the table of the House.

† Please see Appendix vI.

LIBRARY ARCHIVES Kerala Legislative Assembly

(*b*) This can be known only after the finalisation of the draft plan after discussions with the Government of India.

(*c*). Continuous employment to about 3·6 lakhs persons and relief from under-employment to 2.7 lakhs persons.

പ്രൈവറ്റ്സ്കൂളുകളിലെ നിയമനം.

* 275. [34] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ്സ്കൂളുകളിലെ നിയമനകാര്യത്തിൽ മാനേജ്മെൻറ് പല ക്രമക്കേടുകളും നടത്തിവരുന്നതായി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുതസ്കൂളുകളിലെ നിയമനം പബ്ലിക്സർവ്വീസ് കമ്മീഷൻ മുഖേന നടത്തണമെന്നുള്ള ബഹുജന സംഘടനകളുടെ നിശ്ചയങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) അതിന്മേൽ എന്തെങ്കിലും നടപടി ഗവണ്മെൻറ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.
(ബി) ഉണ്ട്.
(സി) ഈകാര്യം ആലോചനയിൽ ഇരിക്കുകയാണ്.

മലയാള ഗ്രന്ഥങ്ങൾ.

* 276. [35] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളസാഹിത്യത്തെ പ്രോത്സാഹിപ്പിക്കുവാൻ ഉത്തമഗ്രന്ഥങ്ങൾക്ക് ഓരോ കൊല്ലവും സമ്മാനം നൽകുന്നതിനു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതേപ്പറ്റി വല്ല നിവേദനവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല.
(ബി) ഇല്ല.

കടിൽവ്യവസായങ്ങൾ.

* 277. [37] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്നൂർനാട്ട്–ചാലക്കുടി കമ്മ്യൂണിറ്റി പ്രോജക്ടിന്റെ കീഴിൽ കടിൽവ്യവസായങ്ങൾക്കുവേണ്ടി ഇതുവരെ ആകെ എന്തു ചെലവായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly